(ബി) എങ്കിൽ എത്ര വർഷം കൊണ്ട് കൊടുക്കുന്നില്ല എന്ന് വ്യക്തമാക്കുമോ ;

(സി) തിരുവനന്തപുരം ജില്ലയിലെ സ്വകാര്യ സ്കൂളുകൾക്ക് പ്രസ്തുത തുക ഏതു വർഷം മുതൽ കുടിശ്ശികയുണ്ട് ;

(ഡി) എന്നത്തേക്ക് കൊടുക്കും എന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ ഇനത്തിൽ സംസ്ഥാനത്തൊട്ടാകെ എത്ര രൂപ കൊടുക്കാനുണ്ടെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1981-82, 1982-83, 1983-84, 1984-85 എന്നീ വർഷങ്ങളിലേയും കോട്ടയം ജില്ലയിലെ ഒരു സ്കൂളിനു മാത്രം 1971-72 ലേയും കുടിശ്ശിക ഉണ്ട്.

(സി) 1981-82 മുതൽ.

(ഡി) മറ്റുതരത്തിൽ അർഹതയുണ്ടെങ്കിൽ 1986-87-ൽ നൽകുന്നതാണ്

(ഇ) വിവരം ശേഖരിച്ചു വരുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

II അടിയന്തിര പ്രമേയം

പാലായിലെ കൊലപാതകം

മി. സ്പീക്കർ : പാലായിൽ കുട്ടൻ എന്നു വിളിക്കുന്ന 31 വയസ്സുള്ള എ. ബി. രാജു എന്ന ചെറുപ്പക്കാരനെ വെട്ടിയും കുത്തിയും കൊലപ്പെടുത്തിയതിന്റെ പേരിൽ അവിടെ ഉളവായതായി പറയപ്പെടുന്ന ഗുരുതരാവസ്ഥയെപ്പറ്റി ചർച്ച ചെയ്യാൻ ഇന്നത്തെ സഭാനടപടികളും നിറുത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. എ. വി. താമരാക്ഷൻ, കാനം രാജേന്ദ്രൻ, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, വളരെ ദുഃഖകരവും ക്രൂരവുമായ ഈ സംഭവം ഇന്നലെ രാവിലെ 8 മണിക്കാണ് നടന്നത്. അരുണാപുരം, മുണ്ടയ്ക്കൽ എം. ജി വാസുദേവൻ നായരുടെ പുത്രൻ എ.ബി. രാജു എന്ന യുവാവിനെ, വെട്ടിക്കൊലപ്പെടുത്തുകയും ശ്രീ. വാസുദേവൻ നായർ അദ്ദേഹത്തിന്റെ ഭാര്യ മീനാക്ഷിയമ്മ, ഇളയപുത്രൻ രാജീവ് എന്നിവർക്ക് ഈ ആക്രമണത്തിൽ പരിക്കേൽക്കുകയും അവർ ആശുപത്രിയിൽ കഴിയുകയുമാണ്. പാലാ സെന്റ് തോമസ് കോളേജിലെ രണ്ടാം വർഷ ഡിഗ്രി വിദ്യാർത്ഥിയായ തോമസ് ജോർജ് ജാണ് ഈ ക്രൂരകൃത്യം നടത്തിയതെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. ഇത്രയും ക്രൂരവും ഹീനവുമായ ആക്രമണം നടത്തുന്നതിന് എന്തെങ്കിലും പ്രകോപനമുണ്ടായിട്ടുണ്ടോ എന്നറിയാൻ കഴിഞ്ഞിട്ടില്ല. കിട്ടിയ വിവരമനുസരിച്ച് അവിടെ ലോഡ്ജിൽ താമസിക്കുന്ന വിദ്യാർത്ഥികളുടെ ചില പെരുമാറ്റം ശരിയല്ലെന്നറിയിച്ചതിനെത്തുടർന്നാണ് തോമസ് ജോർജ് എന്നു പറയുന്ന ഈ വിദ്യാർത്ഥി ആക്രമം നടത്തിയിട്ടുള്ളത് എന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. ഈ സംഭവം അറിഞ്ഞയുടൻതന്നെ ജില്ലാ പോലീസ് സൂപ്രണ്ടും മറ്റുദ്യോഗസ്ഥൻമാരും സംഭവ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലത്തുപോയി അടിയന്തിരമായി എല്ലാ നടപടികളും സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ഇത്രയും ക്രൂരവും ഹീനവുമായ സംഭവത്തിൽ നമുക്കെല്ലാവർക്കും ഒരുപോലെ ദു:ഖമുണ്ട്. ഈ സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു സ്ഥിതിവിശേഷമൊന്നും ഇപ്പോൾ അവിടെയില്ല. പോലീസ് അവിടെ ആവശ്യമായ എല്ലാവിധ സുരക്ഷിത നടപടികളും സ്വീകരിച്ചിട്ടുണ്ട്

ശ്രീ. എ. വി. താമരാക്ഷൻ : സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പു മന്ത്രി വസ്തുതകൾ വളച്ചൊടിക്കാനാണ് ശ്രമിക്കുന്നത്. പാലാ, അരുണാപുരം മുണ്ടയ്ക്കൽ ശ്രീ. എം. ജി. വാസുദേവൻ നായരുടെ പുത്രൻ കുട്ടൻ എന്നു വിളിക്കുന്ന 31 വയസ്സുള്ള എ .ബി. രാജുവിനെ പാലാ സെൻറ് തോമസ് കോളേജിലെ രണ്ടാം വർഷ ഡിഗ്രി വിദ്യാർത്ഥിയായ തോമസ് ജോർജ് വെട്ടിയും കുത്തിയും കൊലപ്പെടുത്തി. അയാളുടെ അച്ഛൻ വാസുദേവൻ നായർ, അമ്മ മീനാക്ഷിയമ്മ, സഹോദരൻ സജീവ് എന്നിവർക്ക് മാരകമായ മുറിവേറ്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. ഇത്രയും സ്പോടനാത്മകമായ സംഭവത്തിന് ഉത്തരവാദിത്വം പോലീസിനാണ്. റേഷൻ ഡീലേഴ്സ് അസോസിയേഷൻ സെക്രട്ടറിയും മർച്ചൻറ്സ് അസോസിയേഷന്റെ വൈസ് പ്രസിഡൻറുമായ ശ്രീ. വാസുദേവൻ നായർ താമസിക്കുന്ന വീടിന്റെ പുറകിലായിട്ട് രണ്ടു ലോഡ്ജുകളിലായി വിദ്യാർത്ഥികൾ താമസിക്കുന്നുണ്ട്. കഴിഞ്ഞ കുറേക്കാലങ്ങളായി നിരന്തരമായി അവർ പെൺകുട്ടികളെ ശല്യപ്പെടുത്തുന്നതായി പരാതി കൊടുത്തിരുന്നു. പോലീസ് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. വാസുദേവൻ നായരുടെ ബന്ധുക്കൾ ഈ കുട്ടികൾക്ക് ഇതിനെ സംബന്ധിച്ച് താക്കീത് കൊടുത്തു. ഇതിൽ പ്രകോപിതരായ കുട്ടികളുണ്ട്. ഇന്നലെ രാവിലെ എട്ടുമണിക്കാണ് തോമസ് ജോർജ് എന്നു പറയുന്ന കുട്ടി വാസുദേവൻനായരുടെ റേഷൻകടയിൽ ചെന്ന് ആ കടയിലിരുന്ന മകൻ സജീവിനെ വെളിയിലിറക്കി ക്രൂരമായി മർദ്ദിച്ചത്. വെട്ടാൻ ശ്രമിച്ചപ്പോൾ അയാൾ ഓടിയൊളിച്ചു. ഈതോമസ് ജോർജ് എന്ന ചെറുപ്പക്കാരൻ ആജാനുബാഹുവാണ്. കഴിഞ്ഞ ശരീര സൗന്ദര്യ മൽസരത്തിൽ സർണ്ണമെഡൽ കിട്ടിയ ആളാണ് തോമസ് ജോർജ്. ഈ കുട്ടി, ഊരിപ്പിടിച്ച കത്തിയുമായി റോഡിലൂടെ നടന്നു നീങ്ങി. ജനങ്ങൾ തടിച്ചു കൂടിയപ്പോൾ അട്ടഹസിച്ചുകൊണ്ട്, ജനങ്ങളെ വെല്ലുവിളിച്ചുകൊണ്ടാണ് ഈ കുട്ടി നടന്നു നീങ്ങിയത്. ഈ ബഹളം കേട്ടുകൊണ്ട് വീട്ടിൽ നിന്നിറങ്ങി വന്ന എ. ബി. രാജു എന്ന ചെറുപ്പക്കാരൻ 31 വയസ്സുള്ള എഞ്ചിനീയറാണ്. ഈ ചെറുപ്പക്കാരൻ ഒന്നും അറിഞ്ഞിരുന്നില്ല. അദ്ദേഹത്തെ പൈശാചികമായി കുത്തിക്കൊല്ലുകയാണുണ്ടായത്. സ്വന്തം മകനെ ഉപദ്രവിക്കുന്നതു കണ്ട് അച്ഛനും അമ്മയും സഹോദരനും ഓടിയെത്തി. അവരേയും കുത്തിമുറിവേൽപ്പിച്ചു. അരമണിക്കൂറോളം അയാൾ സംഹാരതാണ്ഡവമാടി. ജനങ്ങൾ തന്നെയാണ് ഈ പ്രതിയെ പിടിച്ചത്. ഈ പ്രതിയെ രക്ഷിക്കുന്നതിന് അവിടത്തെ ലോക്കൽ എം. എൽ. എ. അടക്കമുള്ള ആളുകൾ രംഗത്തുണ്ട്. അവിടെ എന്തും സംഭവിക്കാം എന്നുള്ള നിലയാണിപ്പോൾ ഉള്ളത്. നമ്മുടെ സംസ്ഥാനത്ത് നിയമസമാധാനം തകർന്നിരിക്കുന്നു; ജീവനും സ്വത്തിനും രക്ഷയില്ല. ഈ കാര്യം മറ്റു സഭാനടപടികൾ നിറുത്തി വച്ച് ചർച്ചചെയ്യണമെന്നഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, ബഹുമാന്യനായ അംഗം താമരാക്ഷൻ പറഞ്ഞ രണ്ടു കാര്യങ്ങളൊഴിച്ച് ബാക്കിയെല്ലാം ഞാനും പത്രത്തിൻ വായിച്ചിട്ടുണ്ട്. അതുകൊണ്ട് ഞാനത് ഇവിടെ വിശദീകരിക്കുന്നില്ല. പോലീസിൽ പരാതി കൊടുത്തിട്ടും നടപടിയെടുത്തിട്ടില്ലെന്നദ്ദേഹം പറഞ്ഞു. അങ്ങനെയുള്ള യാതൊരു റിപ്പോർട്ടും എനിക്ക് കിട്ടിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാർത്ഥികളുടെ ലോഡ്ജിനെക്കുറിച്ചുള്ള ഒരു പരാതിയും ഗവൺമെന്റിന് ലഭിച്ചിട്ടില്ല. ഈ സഭയിൽവച്ചും അതിനുശേഷവും ധനകാര്യ മന്ത്രി ഈ കാര്യത്തിന്റെ വിശദീകരണങ്ങൾ ചോദിച്ചു. അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നാണ് ദേഹം പറഞ്ഞിട്ടുള്ളത്. ഇന്നിപ്പോൾ അവിടെ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ അവിടെ ഗുരുതരമായ സ്ഥിതിവിശേഷങ്ങളൊന്നും തന്നെ നിലവിലില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിരപ്രമേയത്തിനുള്ള അനുവാദം നിഷേധിക്കുകയാണ്.

III ശ്രദ്ധക്ഷണിക്കൽ

(1) ബീഡി-സിഗാർ തൊഴിലാളികളുടെ പ്രശ്നം

ശ്രീ. എ.വി. താമരാക്ഷൻ : സർ, സംഘടിത മേഖലയിലും അസംഘടിത മേഖലയിലും പണിയെടുക്കുന്ന ബീഡി-സിഗാർ തൊഴിലാളികളുടെ പ്രശ്നം ഞാൻ ഈ സഭയുടെ മുമ്പിൽ അവതരിപ്പിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് അയ്യായിരത്തോളം ബീഡിത്തൊഴിലാളികൾ സംഘടിത മേഖലയിലുണ്ട്. സംഘടിത മേഖലയിൽ പണിയെടുക്കുന്ന ബീഡിത്തൊഴിലാളികളുടെ ക്ഷാമബത്ത മരവിപ്പിച്ചിരിക്കുകയാണ്. അതിനെതിരായി ബീഡിത്തൊഴിലാളികൾ സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. ബീഡിത്തൊഴിലാളികൾക്ക് ബീഡി-സിഗാർ ആക്ടിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഭവന പദ്ധതികൾ സംസ്ഥാന ഗവൺമെന്റിന്റെ താൽപ്പര്യമില്ലായ്മമൂലം നടക്കുന്നില്ല. തിരുവനന്തപുരം കൊല്ലം ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിൽ അൻപതിനായിരത്തോളം തൊഴിലാളികൾ അസംഘടിത മേഖലയിലുണ്ട്. അവർ ബീഡിയുണ്ടാക്കി ഉപജീവനം കഴിക്കുന്നവരാണ്. അവർക്കിന്ന് യാതൊരുവിധ ആനുകൂല്യങ്ങളും ലഭിക്കുന്നില്ല. ഇതിനെ സംബന്ധിച്ച് ഈ സഭയിൽത്തന്നെ ഞാൻ പല പ്രാവശ്യം പറയുകയും മെമ്മോറാണ്ടം നൽകുകയും ചെയ്തിട്ടുണ്ട്. ബീഡി-സിഗാർ ആക്ടിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് അവരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ രജിസ്റ്റർ ചെയ്ത് അസംഘടിത മേഖലയിലെ തൊഴിലാളികൾക്കു കൂടി സംഘടിത മേഖലയിലെ തൊഴിലാളികൾക്ക് കിട്ടുന്ന എല്ലാ ആനുകൂല്യങ്ങളും ലഭിക്കുവാൻ തക്ക നിലയിലുള്ള മാറ്റമുണ്ടാക്കാണം. ഈ കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റിനെയും, ബീഡിത്തൊഴിലാളികൾക്കുവേണ്ടിയുള്ള വെൽഫെയർ ബോർഡിനെയും മുമ്പിൽ കൊണ്ടുവരുന്നതിനും ആ നിലയിൽ ഒരു മാറ്റം ഉണ്ടാക്കുന്നതിനും ഗവൺമെന്റ് തയ്യാറാകണമെന്നഭ്യർത്ഥിക്കുകയാണ്. അസംഘടിത മേഖലയിൽ പണിയെടുക്കുന്ന ബീഡിത്തൊഴിലാളികൾക്ക് കുറഞ്ഞ കൂലിയാണ് ലഭിക്കുന്നത്. പത്തു മുപ്പതു വർഷക്കാലം ജോലി ചെയ്തു കഴിഞ്ഞാൽ മാരകമായ രോഗം പിടിപെട്ട്, വയസ്സാകുമ്പോൾ യാതൊരു ജോലിയും ചെയ്യുവാനാകാതെ വളരെ ക്ലേശിച്ച് ജീവിതം തള്ളിനീക്കുകയാണ്. ബീഡി-സിഗാർ തൊഴിലാളികൾക്ക് സംഘടിത മേഖലയിൽ ലഭിക്കുന്ന ഭവന പദ്ധതികൾ, കുട്ടികൾക്കുള്ള സ്കോളർഷിപ്പുകൾ മുതലായ യാതൊരാനുകൂല്യങ്ങളും തിരുവിതാംകൂറിൽ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. ഈ തൊഴിലാളികൾക്കുകൂടി ആനുകൂല്യങ്ങൾ കിട്ടത്തക്ക നിലയിൽ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഉള്ള ആളുകളെ രജിസ്റ്റർ ചെയ്യിച്ചുകൊണ്ട് നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly